സാമ്പത്തിക മേഖലയായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. അധിക ഭൂമി ലഭിക്കുന്ന മുറയ്ക്ക് മൂന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു. എന്നാൽ ഈ സ്ഥലം ബഹു: ഹൈക്കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരത്തിന് വിധേയമായിരിക്കുന്നതിനാൽ വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സ് സർവ്വീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം

53 (100) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സ് സർവ്വീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീമിൽ (ECHS) എത്ര പോളീക്ലിനിക്കുകളാണ് കേരളത്തിൽ പ്രവർത്തിക്കുന്നതെന്നും അവ എവിടെയെല്ലാമാണെന്നും ഓരോന്നും ഏത് കാറ്റഗറിയിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ഓരോ പോളീക്ലിനിക്കുകളിലും ഏതെല്ലാം സ്പെഷ്യലൈസേഷനുകളിലുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ പോളീക്ലിനിക്കിന്റെയും കീഴിൽ ഏതെല്ലാം ആശുപത്രികളും ഡയഗ്നോസ്റ്റിക് സെന്ററുകളുമാണ് എം. പാനൽ ചെയ്യപ്പെട്ടിട്ടുള്ളതെന്നും എം. പാനൽഡ് ഹോസ്പിറ്റലുകളിലും ഡയഗ്നോസ്റ്റിക് സെന്ററുകളിലും ഏതെല്ലാം വിഭാഗത്തിലുള്ള ചികിത്സകളും പരിശോധനകളും ലഭ്യമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) എക്സ് സർവ്വീസ്മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീമിൽ നിലവിൽ 11 പോളിക്ലിനിക്കുകളാണ് പ്രവർത്തിക്കുന്നത് അവ എവിടെയെല്ലാമാണെന്നും ഏത് കാറ്റഗറിയിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ഓരോ പോളിക്ലിനിക്കുകളിലും ഏതെല്ലാം സ്പെഷ്യലൈസേഷനുകളിലുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാണ് എന്നുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഓരോ പോളിക്ലിനിക്കുകളുടെയും കീഴിൽ ഉള്ള എം പാനൽഡ് ഹോസ്പിറ്റലുകളിൽ ലഭ്യമായിട്ടുള്ള ചികിത്സാ വിഭാഗങ്ങളും പരിശോധനകളും അനുബന്ധം ആയി ചേർക്കുന്നു.*

കായംകുളം കായലിന്റെ നവീകരണ പ്രവർത്തികൾ

54 (106) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 2 കോടി രൂപ വിനിയോഗിച്ച് കായംകുളം കായലിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly